# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ ഡി/പി7/1890/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ; 04952371012
ഇ-മെയിൽ;- dokkd.ksad.kerala.gov.in

തീയതി:03.11.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )
തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോട്

3)കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.കെ ഡി/പി7/1890/17 തിയ്യതി – 03.11.2017

# കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.11.2016 മുതൽ 31.05.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 അന്വേഷണക്കുറിപ്പുകൾ നൽകിയതിതിന് മറുപടികൾ ലഭ്യമാക്കിയിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.ഉണ്ണികൃഷ്ണൻ.പി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ, വിനിയോഗിച്ച സമയം | |
| 01.06.2017മുതൽ 06.06.2017 വരെ (ചെലവ് ഭാഗം ) | |
| ശ്രീ.ഇ.വി.ഹരി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാജീവൻ.എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ഇല്യാസ്.ടി. | ഓഡിറ്റർ |
| 27.09.2017 മുതൽ 28.09.2017 വരെ (വരവ് ഭാഗം) | |

| | |
|---|---|
| ശ്രീ.ഷിപിൻ പീറ്റർ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർമാർ |
| ശ്രീ.രാജീവൻ.എൻ. | |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.തിരുവള്ളൂർ മുരളി | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എ.പി.രമേശൻ, ജോയിന്റ്.ബി.ഡി.ഒ. (i/c) | 01.04.2016 മുതൽ 27.05.2016 വരെ |
| | ശ്രീമതി ജീന ബായി | 28.05.2016 മുതൽ 15.06.2016 വരെ |
| | ശ്രീ.എ.പി.രമേശൻ, ജോയിന്റ്.ബി.ഡി.ഒ. (i/c) | 16.06.2016 മുതൽ 25.06.2016 വരെ |
| | ശ്രീ.പി.ശശീന്ദ്രൻ | 26.06.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി.ഷീല.എ.ഡി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01.04.2016മുതൽ 05.06.2016വരെ |
| ശ്രീമതി.പുഷ്പ.എ. | | 06.06.2016മുതൽ 30.06.2016വരെ |
| ശ്രീമതി.ഷീല.എ.ഡി | | 01.07.2016മുതൽ 09.08.2016വരെ |
| ശ്രീമതി.ഡോളി.പി. | | 10.08.2016മുതൽ 12.10.2016വരെ |
| ശ്രീ.വിനയചന്ദ്രൻ.പി. | | 13.10.2016മുതൽ 31.03.2017വരെ |
| ഡോ.പി.കെ.ഉസ്മാൻ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01.04.2016മുതൽ 31.03.2017 വരെ |
| ശ്രീ.അനൂപ് ഷിനു.കെ | വ്യവയായ വികസന ഓഫീസർ | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീമതി.മംഗളാംബിക | സി.ഡി.പി.ഒ | 01.04.2016മുതൽ 17.07.2016വരെ |
| ശ്രീമതി.തസ്ലീന.എൻ.പി. | | 18.07.2016മുതൽ 31.03.2017വരെ |
| ശ്രീ.മാധവൻ.എ.എം | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ | 01.04.2016മുതൽ 31.01.2017വരെ |
| ശ്രീ.ഉദയൻ.കെ.യു. | | 01.02.2017മുതൽ 31.03.2017വരെ |
| ശ്രീ.അനിൽകുമാർ.എ.ജി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2016മുതൽ 17.08.2016വരെ |
| ശ്രീ.പ്രവീൺ.ജി | | 18.08.2016മുതൽ 31.03.2017വരെ |
| ശ്രീമതി.രമണി.കെ | പട്ടിക ജാതി വികസന ഓഫീസർ | 01.04.2016മുതൽ 31.03.2017വരെ |

## ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| | |
|---|---|
| ഭാഗം-1പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | മേഖല ചുമതലകൾ മറികടന്ന് കേന്ദ്ര സർക്കാർ വിദ്യാലയത്തിൽ ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിട നിർമ്മാണം. |
| 3-2 | ഓഫീസ് വയറിംഗ് വിപുലീകരണ പ്രവൃത്തികൾക്ക് സംരക്ഷണ ഗ്രാന്റിൽ നിന്നും തുക ഡപ്പോസിറ്റ് ചെയ്തു. |
| 3-3 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡീസൽ ജനറേറ്റർ സ്ഥാപിക്കൽ - ആവശ്യമേഖലയിലെ അടിയന്തിര പ്രവൃത്തി നടപ്പാക്കിയില്ല. |
| 3-4 | പദ്ധതി നിർവഹണം നടത്തിയില്ല. |

| | |
|---|---|
| 3-5 | ക്ഷീര സമൃദ്ധി പദ്ധതി നിർവ്വഹണത്തിൽ വീഴ്ച. |
| 3-6 | വികലാംഗർക്ക് മുച്ചക്രവാഹനം - ലൈസൻസ് ഹാജരാക്കിയില്ല. |
| 3-7 | സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിക്കുന്നില്ല. |
| 3-8 | കൈമാറികിട്ടാത്ത സ്ഥാപനങ്ങളിലെ ചെലവുകൾക്ക് പദ്ധതി രൂപീകരിച്ച് നടപ്പാക്കി. |
| 3-9 | കൈമാറികിട്ടാത്ത സ്ഥാപനത്തിലെ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് പഞ്ചായത്ത് ഫണ്ട് അനുവദിച്ചു. |
| 3-10 | പൊതു ആവശ്യ ഗ്രാന്റിൽ നിന്നുള്ള ചെലവ് - പൊതു അപാകതകൾ |
| 3-11 | വാഹന ഉപയോഗം : ഉത്തരവുകൾ പാലിക്കുന്നില്ല |
| ഭാഗം - 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 185/15-16, 04.03.2016 |
| മുന്നിരിപ്പ് | 16,02,180 |
| വരവ് | 13,97,02,000 |
| ആകെ വരവ് | 14,13,04,180 |
| ആകെ ചെലവ് | 13,96,90,134 |
| നീക്കിയിരിപ്പ് | 16,14,046 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 04.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട്ട കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,22,01,777 |
| വരവ് | 4,15,43,473 |
| ആകെ | 6,37,45,250 |
| ചെലവ് | 5,21,43,199 |
| നീക്കിയിരിപ്പ് | 1,16,02,051 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | ------ | 1,83,97,974 | 1,83,97,974 | 1,23,85,013 | 67.31 |
| വികസന ഫണ്ട്(എസ്.സി.പി) | ----- | 33,46,578 | 33,46,578 | 33,46,578 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | | 10,086 | 10,086 | 10,086 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | ----- | 28,63,086 | 28,63,086 | 28,63,086 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 64 | 40 | ---- | 24 | 62.5 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സി.ഡി.പി.ഒ | 3 | 3 | 12,65,875 | 12,47,875 | 98.57 |
| മെഡിക്കൽ ഓഫീസർ | 1 | 1 | 6,00,000 | 51,9,429 | 86.57 |
| പട്ടിക ജാതി വികസന ഓഫീർ | 1 | -- | 6,00,000 | ----- | |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 2 | 1 | 7,60,000 | 1,08,713 | 14.30 |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 39,60,000 | 16,60,000 | 41.91 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 2 | 11,05,000 | 72,010 | 6.5 |
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 36 | 18 | 1,86,50,184 | 85,79,934 | 46 |
| സെക്രട്ടറി | 14 | 12 | 84,13,554 | 72,50,276 | 86.17 |
| ആകെ | 64 | 40 | 3,53,54,613 | 1,94,38,237 | 54.98 |

## 1-7 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.02.2017മുതൽ 22.02.2017 വരെ | 10/2016 മുതൽ 02/2017 വരെ | 40DPA.1/KKD/2016 17.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.07.2016 മുതൽ 14.07.2016 വരെ | 01.05.2010 മുതൽ 30.06.2016 വരെ | QA(HQ)111/11/12-195 /16-17/296, 10.08.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക് ബ്ലോക്ക്പഞ്ചായത്തിലെ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളുമായി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബജറ്റ് മാനുവലായി തയ്യാറാക്കിയതിനാൽ സാംഖ്യാധിഷ്ഠിത വാർഷിക കണക്കുമായി ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3.സാംഖ്യ സമ്പ്രദായത്തിൽ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് മുൻപുണ്ടായിരുന്ന ആസ്തി-ബാധ്യതകൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.അസി.എഞ്ചിനിയർ ബില്ലിൽ നിന്ന് കുറവ് വരുത്തിയ വാറ്റ്,ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.ആസ്തി രജിസ്റ്റർ ഓഡിറ്റ് വർഷത്തെ ആസ്തികൾ കൂടി ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

6.സെക്രട്ടറി സ്റ്റോക്കിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.സ്റ്റോക്കിന്റെ മൂല്യം വാർഷികകണക്കിൽ ഉൾപ്പട്ടുത്തിയിട്ടില്ല.

7.BPFA-I ൽ പ്രാരംഭ ബാക്കിയായി 89166/- രൂപ ഉണ്ട്.എന്നാൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. സാക്ഷരതാ സ്കീം ഗ്രാന്റ് ഇനത്തിൽ രജിസ്റ്റർ പ്രകാരം പലിശ ഉൾപ്പെടെ 179133/- രൂപ വരവുള്ളതായി കാണുന്നു.എന്നാൽ വാർഷിക കണക്കിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 179814/-എന്നാണ് വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

9.ഓഡിറ്റ് വർഷത്തിൽ അഡ്വാൻസ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10.വാർഷിക കണക്കിൽ പ്രസിഡന്റ് ഒപ്പുവെച്ചിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മേഖല ചുമതലകൾ മറികടന്ന് കേന്ദ്ര സർക്കാർ വിദ്യാലയത്തിൽ ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിട നിർമ്മാണം.

പദ്ധതി പേര് നം, - മണിയൂർ നവോദയ വിദ്യാലയത്തിന് ഗേൾസ് ഫ്രണ്ട് ലീ ടോയ് ലറ്റ്, 8/16-17

അടങ്കൽ തുക – 5,44,196/- (3,50,000/- നിർമ്മൽ പുരസ്കാരം, 1,94,196/- കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് തുക – 4,43,311/- ( 3,50,000/- നിർമ്മൽ പുരസ്കാരം, 93,311/- കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെക്ക് നം. -14623/25.06.2015 (1,00,000/-), 3503/01.03.2016 (55,804/-), 14631/22.08.2016 – (4,43,311/-)

സാങ്കേതികാനുമതി - T.S.No./AEE/LSGD/TDR/252/14-15, 27.11.2014

ഭരണാനുമതി - 20/2014, 28.05.2014

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

മണിയൂർ നവോദയ വിദ്യാലയത്തിന്റെ പ്രിൻസിപ്പൾ കൺവീനറായി 2014-15 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച പദ്ധതിയുടെ (നം.38/14-15) ഫൈനൽ ബിൽ ഓഡിറ്റ് വർഷത്തിലാണ് നൽകിയത്. 10 ടോയ് ലറ്റ് അടങ്ങുന്ന ഒരു യൂണിറ്റാണ് നിർമ്മിച്ചത്. ഇതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 1,55,804/- രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 ഉപവകുപ്പ് (1) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളും അധികാരങ്ങളും കർത്തവ്യങ്ങളും വിശദമാക്കിയിട്ടുണ്ട്. ടി വകുപ്പിലെ നാലാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സംഗതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളും വസ്തുവകകളും ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതാണെന്ന് അനുശാസിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളും വസ്തുവകകളും സർക്കാരിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭിക്കുന്നതും അവയുടെ സംരക്ഷണവും നടത്തിപ്പും നിക്ഷിപ്തമാവുന്നതും. ആയതു പ്രകാരം വിദ്യാഭ്യാസ മേഖലയിൽ സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പും പൊതുമരാമത്ത് മേഖലയിൽ

ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മാറ്റ് റോഡുകളും പരിപാലിക്കുക, സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല. എന്നാൽ ഓഡിറ്റ് വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖല ചുമതലകളിൽ വരുന്നവയല്ല.

11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക.4) പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്ത പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുക വിനിയോഗിച്ച് പദ്ധതി നിർവ്വഹണം നടത്തിയത്. സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾക്ക് പദ്ധതി പണം ചെലവഴിച്ചതിനടിസ്ഥാനമാക്കിയ അനുബന്ധവിവരം ലഭ്യമാക്കേണ്ടതാണ്.

## 3-2 ഓഫീസ് വയറിംഗ് വിപുലീകരണ പ്രവൃത്തികൾക്ക് സംരക്ഷണ ഗ്രാന്റിൽ നിന്നും തുക ഡെപ്പോസിറ്റ് ചെയ്തു.

പ്രോജക്ട് നം :12/16-17,

നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ തുക : 5,30,564/- (സംരക്ഷണ ഗ്രാന്റ്, റോഡിതരം)

ചെലവ് തുക : 5,30,564/- (ബിൽ നം - 09/16-17, 24.03.2017)

ബ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പടെയുള്ള തനത് ആസ്തികളുടെ സംരക്ഷണത്തിന് സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കുന്ന നടപടി ശരിയല്ലെന്നും, മേൽ തരത്തിൽ ലഭിക്കുന്ന വിഹിതത്തിന്റെ ഉപയോഗം 19.12.2004 ലെ (എം.എസ്)330/04/ത.സ്വ.ഭ.വ. നം ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമാകണം എന്ന് 30.01.2008 ലെ 75326/ എഫ്.എം.1/2007/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലൂടെ സർക്കാർ വിശദീകരണം നൽകിയിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖക്കു വിരുദ്ധമായിട്ടാണ് സംരക്ഷണ ഗ്രാന്റിൽ നിന്നും തുക വകയിരുത്തി പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-3 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡീസൽ ജനറേറ്റർ സ്ഥാപിക്കൽ - അവശ്യമേഖലയിലെ അടിയന്തിര പ്രവൃത്തി നടപ്പാക്കിയില്ല.

പദ്ധതി പേര് നം, - കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് ജനറേറ്റർ വാങ്ങൽ, 25/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 7,50,000/- ( സംരക്ഷണ ഗ്രാന്റ് റോഡിതരം)

ചെലവ് തുക 6,03,000/- ( വൌച്ചർ നം. 21600464, 13.03.2017)

ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനമായ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം വൈദ്യുതി തടസ്സം ഉണ്ടാകുന്ന സമയങ്ങളിൽ മുടങ്ങുന്നതിനാൽ ആയത് ഒഴിവാക്കുന്നതിനായി ഒരു ജനറേറ്റർ സ്ഥാപിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. ജനറേറ്റർ സ്ഥാപിക്കുന്നതിന് കേരള പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഡീസൽ ജനറേറ്റർ സെറ്റിനും, ജനറേറ്റർ സെറ്റ് സ്ഥാപിക്കുന്നതിനായിട്ടുള്ള മരാമത്ത് പ്രവൃത്തികൾക്കും, കണ്ടിജന്റ് ചെലവുകൾക്കും ആയിട്ടുള്ള വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുക മേൽ വിവരിച്ച വൌച്ചർ മുഖേന പിൻവലിച്ച് അനുവദിച്ചു. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും പ്രവൃത്തി നടത്തിയിട്ടില്ല.

- നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടാതെയാണ് പ്രവൃത്തികൾക്ക് ചുമതലപ്പെടുത്തിയത്.
- ഡീസൽ ജനറേറ്റർ സ്ഥാപിക്കുന്നതിന് പരിസ്ഥതി മലിനീകരണ ബോർഡിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.

അപാകതൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 <u>പദ്ധതി നിർവഹണം നടത്തിയില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 181, 18.09.1995 ലെ സ.ഉ.(പി)189/95 /ത.സ്വ.ഭ. എന്നിവ പ്രകാരം സർക്കാരിന്റെ വിവധ വകുപ്പുകളിൽപ്പെട്ട സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പുതുക്കിയ മാർഗരേഖയിലെ (11.01.2016 ലെ (കൈ)04/2016 /ത.സ്വ.ഭ.വ നം. സർക്കാർ ഉത്തരവ്) 12.1(i),(ii) ഖണ്ഡിക പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നീ മൂന്ന് വിഭാഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിരിക്കേണ്ടതാണ് എന്ന് നിർദേശിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ 2012-17 വികസന രേഖയിലെ പേജ് 36ൽ പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ അക്കമിട്ട പറഞ്ഞിട്ടുണ്ട്. എന്നാൽ പട്ടിക ജാതി വികസനത്തിന്റെ ചുമതലയുള്ള നിർവഹണ ഉദ്യോഗസ്ഥനായ പട്ടിക ജാതി വികസന ഓഫീസർ 2016-17ൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. അംഗീകാരം വാങ്ങിയ പദ്ധതിയാകട്ടെ വികസന രേഖയിൽ ഉൾപ്പെട്ടില്ല.പദ്ധതികൾ നടപ്പാക്കുന്നതിന് വിമുഖതയുള്ള ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായ നടപടികൾ പഞ്ചായത്ത് അധികൃതരും സ്വീകരിച്ചിട്ടില്ല. ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുക.

## 3-5 <u>ക്ഷീര സമൃദ്ധി പദ്ധതി നിർവ്വഹണത്തിൽ വീഴ്ച</u>

ഓഡിറ്റ് വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ക്ഷീര സമൃദ്ധി പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് കറവമാടുകളെ വിതരണം ചെയ്തിട്ടുണ്ട്.പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 65/16-17, |
| അടങ്കൽ | 2160000 |
| ഫണ്ട് | വികസനഫണ്ട് 1080000+ബേങ്ക് വായ്പ 1080000 |
| ചെലവ് | 6,75,000/- |
| ബിൽ നം/തിയ്യതി/തുക | 6/16-17 /29.3.17 / 6,00,000<br>7/16-17 /30.03.17 /75000 |

2016-17 വർഷത്തിൽ 6 പേർവീതം അടങ്ങുന്ന 11 ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്.മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരമില്ല.

ആസൂത്രണ പ്രക്രിയയിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പ്രോജക്ടുകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഗ്രാമസഭകൾ വഴിയാണ്.എന്നാൽ ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ക്ഷീര സംഘങ്ങൾ മുഖേനയാണ്.ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകരുടെ ലിസ്റ്റ്, സംഘങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറുകയും ഇതിലെ കർഷകർക്ക് ആനുകൂല്യം നൽകുകയുമാണ് ഉണ്ടായത് ഇത് ശരിയായ നടപടിയല്ല.

2.ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയില്ല

കുടുംബ വാർഷിക വരുമാനം100000/-രൂപയിൽ കവിയാത്തവർക്കും,നാമമാത്ര ചെറുകിട കർഷകർക്കും മാത്രമേ ഈ പദ്ധതിയിൽ ആനുകൂല്യം നൽകാൻ പാടുള്ളൂ

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇത് ഉറപ്പുവരുത്തുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

3.പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രോജക്ട് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/16-17) മറുപടി നൽകിയിട്ടില്ല.ചെലവ് തുക 675000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 വികലാംഗർക്ക് മുച്ചക്രവാഹനം - ലൈസൻസ് ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷത്തിൽ സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി വികലാംഗർക്ക് മുച്ചക്രവാഹനം വിതരണം ചെയ്തിട്ടുണ്ട്.പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 39/16-17 |
| അടങ്കൽ | 840000/- |

| | |
|---|---|
| ഫണ്ട് | വികസനം |
| ചെലവ് | 822000/- |
| ബിൽ നം/തിയ്യതി/ | 3/16-17 /30.3.2017 |

ഈ പദ്ധതിയിലുൾപ്പെടുത്തി 12ഗുണഭോക്താക്കൾക്ക് മുച്ചക്രവാഹനം നൽകിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് മുച്ചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് കൈവശമുണ്ടോ എന്നകാര്യം നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തിയിട്ടില്ല. മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/16-17) മറുപടി നൽകിയിട്ടില്ല.ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിക്കുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും പ്രവൃത്തികൾ നിർവ്വഹിക്കുമ്പോഴും സുതാര്യത നിലനിർത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 08.11.2010ലെ സ.ഉ (അ) 259/2010/ത.സ്വ.ഭ.വ നമ്പരായി സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ മേൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ബ്ലോക്ക് പഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങൾ, മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള വാങ്ങലുകൾ തുടങ്ങിയവ നടപ്പാക്കുന്നത്.

2010-11 സാമ്പത്തിക വർഷത്തിൽ തന്നെ മാർഗ്ഗരേഖ പ്രാബല്യത്തിൽ വന്നെങ്കിലും ഓഡിറ്റ് കാലയളവിലും മേൽ മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരമുള്ള അനിവാര്യ വിഭാഗങ്ങളെ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. ഇതു കാരണം പ്രൊക്യൂർമെന്റ് മാന്വൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള കാര്യക്ഷമതയിലും സുതാര്യതയിലും ലക്ഷ്യത്തിലുമുള്ള ഒരു സാമ്പത്തിക മിതത്വത്തിൽ ഊന്നിയുള്ള വാങ്ങൽ പ്രക്രിയയും, പ്രവൃത്തികളുടെ നിർവ്വഹണവും പ്രാബല്യത്തിൽ വരുത്തുവാൻ പഞ്ചായത്തിന് സാധിക്കാതെ വരുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ മേൽ മാർഗരേഖയിലെ വ്യവസ്ഥകൾ ലംഘിച്ചത് സംബന്ധിച്ച് ലഘു വിശദാംശങ്ങൾ താഴെ നൽകുന്നു.

1. സാധനങ്ങളുടേയും, സേവനങ്ങളുടേയും വാർഷികാവശ്യം തിരിച്ചറിഞ്ഞ് ചർച്ച ചെയ്യേണ്ടത് ടെക്നിക്കൽ കമ്മിറ്റികളാണ്. മാർഗ്ഗരേഖ പ്രകാരം ടെക്നിക്കൽ കമ്മിറ്റികൾ വിവിധ കർമ്മ സമിതികളാണെങ്കിലും അവയെ ടെക്നിക്കൽ കമ്മിറ്റികളായി പരിഗണിച്ച് ഉത്തരവാദിത്തങ്ങൾ ഏൽപ്പിച്ചു നൽകിയില്ല.

2. സമാഹരണ സൈക്കിൾ - നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല – മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന രീതിയിൽ വർഷാരംഭത്തിൽ തന്നെ ടെക്നിക്കൽ ടീമുകൾ നൽകുന്ന റിക്വസിഷനുകൾ അടിസ്ഥാനമാക്കി ആവശ്യമായ സാധനങ്ങൾ, സേവനങ്ങൾ, പ്രവൃത്തികൾ എന്നിവ എത്രത്തോളമുണ്ടെന്ന് തിട്ടപ്പെടുത്തിയും, ആവശ്യം തിരിച്ചറിഞ്ഞും, സ്പെസിഫിക്കേഷൻ ഉണ്ടാക്കിയും, എസ്റ്റിമേറ്റ് തയ്യാറാക്കി, ആവശ്യമായ ബജറ്റ് പ്രൊവിഷൻ ഉണ്ടെന്ന് ഉറപ്പ് വരുത്തി, അവ വാങ്ങുന്നതിനുള്ള രീതിശാസ്ത്രം ഏതെന്ന് വ്യക്തമാക്കി കൊണ്ടുള്ള അനുമതി വാങ്ങുന്ന നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

3. സ്ഥാപനത്തിന്റെ വാങ്ങലുകൾക്ക് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ട പർച്ചേസിംഗ് ടീം, ഫിനാൻസ് ടീം എന്നിവ രൂപീകരിച്ചിട്ടില്ല.

4. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി - ഒരു തദ്ദേശ ഭരണ സ്ഥാപനത്തിൽ പൊതുജനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്നതിനു വേണ്ടി ലഭ്യമായ പൊതു വിഭവങ്ങൾ വിനിയോഗിക്കുമ്പോൾ, അത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ വർദ്ധിച്ച കാര്യക്ഷമതയും ഗുണഫലവും ഉറപ്പാക്കണം. തദ്ദേശ ഭരണ കൂടത്തിന് അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കാൻ എത്രത്തോളം പ്രവർത്തിക്കാമെന്ന് സ്ഥിരമായ മേൽനോട്ടം നടത്തുന്നതിനും ക്രിയാത്മക ജനകീയ ഇടപെടലുകൾ നടത്തുവാനും വേണ്ടിയാണ് സോഷ്യൽ ഓഡിറ്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് മേൽ മാർഗ്ഗരേഖയിലൂടെ സർക്കാർ നിഷ്കർഷിച്ചത്. ഈ നിയന്ത്രണ സംവിധാനം നടപ്പാക്കുന്നതിലൂടെ സാമൂഹ്യ കണക്കെടുപ്പ്, ഭൗതിക പരിശോധന, പദ്ധതി നിർവ്വഹണത്തിലെ സുതാര്യത, പദ്ധതി നടത്തിപ്പിലെ പരാതികളുടെ പരിഹാരം (തുറന്ന വേദിയിൽ) എന്നിങ്ങനെ അധികാര വികേന്ദ്രീകരണത്തിലെ നിലവിലെ പോരായ്മകൾക്ക് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാധിക്കുകയും ചെയ്യും. അതുവഴി ഉരുത്തിരിയുന്ന ആശയങ്ങളും അഭിപ്രായങ്ങളും ഭാവിയിലെ പ്രവർത്തനങ്ങളുടെ നയരൂപീകരണത്തിന് സഹായകമാകുകയും ചെയ്യും. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും പഞ്ചായത്തിൽ സർക്കാർ നിർദ്ദേശിച്ച തരത്തിലുള്ള സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

5. 5,000/- രൂപയ്ക്കു മുകളിൽ 24,999/- രൂപ വരെ വരുന്ന വാങ്ങലുകളുടെ അറിയിപ്പ് വെബ്സൈറ്റിൽ ലഭ്യമാക്കുക, 25,000/- രൂപയ്ക്ക് മുകളിൽ 99,999/- വരെയുള്ള ലിമിറ്റഡ് ടെണ്ടറുകൾ വഴി വാങ്ങേണ്ട കാര്യത്തിൽ വിതരണക്കാരുടെ ഒരു പത്രിക സൂക്ഷിക്കുക, ഒരു ലക്ഷത്തിനു മുകളിൽ മതിപ്പ് വിലയുള്ള വാങ്ങലുകളുടെ കാര്യത്തിൽ വ്യാപകമായി പ്രചാരമുള്ള ഇംഗ്ലീഷ് പത്രത്തിൽ പരസ്യം ചെയ്യുക എന്നിങ്ങനെ പർച്ചേയ്സുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിലെ അനിവാര്യ നിബന്ധനകൾ പാലിച്ചില്ല.

6. ഓഡിറ്റ് വർഷത്തിലെ വാങ്ങലുകൾ അതാതു മേഖലകളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ നിർവ്വഹിച്ചതിനാൽ, ഇതു സംബന്ധിച്ച രേഖകൾ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും വിധം ഒരുമിച്ച് കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല.

വാങ്ങലുകൾക്ക് സർക്കാർ മാർഗ്ഗരേഖ പാലിക്കാത്തതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-8 കൈമാറികിട്ടാത്ത സ്ഥാപനങ്ങളിലെ ചെലവുകൾക്ക് പദ്ധതി രൂപീകരിച്ച് നടപ്പാക്കി.

1) പദ്ധതി നം - 49/16-17

പദ്ധതി പേര് - സി.ഡി.പി.ഒ ഓഫീസ് അടിസ്ഥാന സൗകര്യം ഒരുക്കൽ,

അടങ്കൽ തുക – 1,24,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ചെലവ് തുക – 1,24,000/- [ബിൽ നം.2/16-17, 28.03.2017 ]

നിർവ്വഹണ ഉദ്യോഗസ്ഥ – സി.ഡി.പി.ഒ, തോടന്നൂർ

ബ്ലോക്ക് പഞ്ചായത്തിന് സാമൂഹ്യക്ഷേമ മേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിനായി കൈമാറികിട്ടിയ ഉദ്യോഗസ്ഥന്റെ (ശിശു വികസന പദ്ധതി ഓഫീസ്)കാര്യാലയത്തിലേക്ക് ഫർണിച്ചറുകൾ, യു.പി.എസ്, പ്രിന്റർ എന്നിവ വാങ്ങുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലൂടെ 1,24,000/- രൂപ ചെലവഴിച്ച് താഴെ പറയുന്ന

ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | യൂണിറ്റ് വില | എണ്ണം | ആകെ |
|---|---|---|---|---|
| 1 | Steel cabinet with 4 Fixed Shelves 198x90x48cm (20G) | 9,399.00 | 5 | 46,995.00 |
| 2 | Steel Table with 1 cupboard & 1 Drawer 90x45x75 cm 18mm Laminated Board Top (20G) | 3,968.00 | 2 | 7,936.00 |
| 3 | Hard wood Arm Chair Plastic Ratten Seat & Back | 3,433.00 | 7 | 24,031.00 |
| | | | Gross Total | 78,962.00 |
| | | | Vat 14.5% | 11,449.49 |
| | | | Grand Total | 90,411.00 |
| | | | | Rounded to 90,350/- |
| 4 | Printer Canon 6230 Dn (Vat 5%) | 10,857.14 | 1 | 10,857.14 |
| 5 | U.P.S 1KV | 7,423.58 | 1 | 7,423.58 |
| 6 | Battery 150AH Exide | 12008.73 | 1 | 12008.73 |
| Vat 14.5% | | | | 2817.69 |
| Vat 5% | | | | 542.86 |
| Grand Total | | | | 33,650.00 |
| Total – 90,350 + 33,650 = 1,24,000/- | | | | |

2. പദ്ധതി നം - 37/16-17

പദ്ധതി പേര് - ഐ.ഇ.ഒ ഓഫീസ് അടിസ്ഥാന സൌകര്യം ഒരുക്കൽ,

അടങ്കൽ തുക – 25,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ചെലവ് തുക – 22,010/- [ബിൽ നം.1/16-17, 29.03.2017 ]

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.ഇ.ഒ, തോടന്നൂർ

വ്യവസായ വികസന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിലേക്ക് ഫർണിച്ചറുകൾ വാങ്ങുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലൂടെ 22,010/- രൂപ ചെലവഴിച്ച് താഴെ പറയുന്ന ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | യൂണിറ്റ് വില | എണ്ണം | ആകെ |
|---|---|---|---|---|
| 1 | Semi Executive computer table | 9,576.00 | 1 | 9,576.00 |

| | | | | |
|---|---|---|---|---|
| 2 | Wooden chair with arm | 2,143.00 | 1 | 2,143.00 |
| 3 | Executive visitors chair | 4,401.00 | 1 | 4,401.00 |
| | | | Vat 14.5% | 2629.58 |
| | | | Excise duty 12.5% | 2015.00 |
| | | | Freighten charge | 1246.00 |
| | | | Rounde (-0.58) Total | 22010.00 |

<u>പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.</u>

- 30.11.1996ലെ (പി)37/96/ സാ.ക്ഷേ.വ, നമ്പർ ഉത്തരവിലൂടെ സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണം, 26.06.1998 ലെ (പി) 20/98/സാ.ക്ഷേ.വ നമ്പർ ഉത്തരവിലൂടെ ഐ.സി.ഡി.എസ്, യു.എസ്.എൻ.പി. പ്രോജക്ടുകളിലെ പ്രത്യേക പോക്ഷകാഹാര പരിപാടി ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് കൈമാറിയത് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
- 28.11.1996ലെ (പി)182/96/ വ്യ.വ, നമ്പർ ഉത്തരവിലൂടെ വ്യവസായ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത അധികാരങ്ങളും, ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണം, 09.12.1997 ലെ (എം.എസ്) 183/97/വ്യ.വ നമ്പർ ഉത്തരവിലൂടെ ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവുകളിലൊന്നും മേൽ വിവരിച്ച ഉദ്യോഗസ്ഥരുടെ കാര്യാലയങ്ങൾ ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറി കൊടുത്തിട്ടില്ല. വികസനേതര ചെലവുകൾക്ക് പദ്ധതി രൂപീകരിച്ച് സംരക്ഷണ ഗ്രാന്റ് ചെലവഴിച്ചതിനടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 1,46,010/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 <u>കൈമാറികിട്ടാത്ത സ്ഥാപനത്തിലെ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് പഞ്ചായത്ത് ഫണ്ട് അനുവദിച്ചു.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 181, 18.09.1995 ലെ സ.ഉ.(പി)189/95 /ത.സ്വ.ഭ. എന്നിവ പ്രകാരം സർക്കാരിന്റെ വിവധ വകുപ്പുകളിൽപ്പെട്ട സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. 29.03.1999 ലെ (പി)69/99/ത.ഭ.വ. നം ഉത്തരവിലൂടെ ക്ഷീരവികസന മേഖലയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികൾ നടപ്പാക്കുന്നതിനായി ഡയറി എക്സ്റ്റെൻഷൻ ഓഫീസർമാരെയും, ശിശു വികസന പദ്ധതികൾ നടപ്പാക്കുന്നതിനായി സി.ഡി.പി.ഒ. മാരേയും സർക്കാർ നിയോഗിച്ചിട്ടുണ്ട്. മേൽ ഉദ്യോഗസ്ഥരുടെ കാര്യാലയങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറി നൽകിയിട്ടില്ല. ആയതിനാൽ തന്നെ മേൽ കാര്യാലയങ്ങളുടെ ദൈനംദിന ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതില്ല. എന്നാൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ ഡയറി എക്സ്റ്റെൻഷൻ ഓഫീസറുടെ കാര്യാലയത്തിന്റെ താഴെ പറയുന്ന ചെലവുകൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം, തീയ്യതി | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1 | 0233738, 20.04.2016 | 2,498 | വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ് മറ്റ് ചെലവുകൾ |
| 2 | 0233778, 16.07.2016 | 7,576 | |
| 3 | 0233784, 08.08.2016 | 6,482 | |
| 4 | 5749738, 24.10.2016 | 1,659 | |
| 5 | 1930331, 10.01.2017 | 7,687 | |
| 6 | 1930362, 29.03.2017 | 7,437 | |
| ആകെ | | 33,339 | |

ഇപ്രകാരം പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവഴിച്ചതിനാധാരമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 33,339/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 പൊതു ആവശ്യ ഗ്രാന്റിൽ നിന്നുള്ള ചെലവ് - പൊതു അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് 2016-17 വർഷം പൊതു ആവശ്യ ഗ്രാന്റിൽ നിന്നും നടത്തിയ തനത് ഫണ്ട് ചെലവുകളുടെ അക്കൗണ്ടിംഗിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പേമെന്റ് വൗച്ചർ വഴിയല്ലാതെ ചെലവ് നടത്തുന്നു.

പഞ്ചായത്ത് 2016-17 വർഷം 100 ലധികം തവണ പൊതു ആവശ്യ ഫണ്ടിൽ നിന്നും എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ച് ചെലവ് നടത്തിയിട്ടുണ്ട്. എന്നാൽ ഒരു ചെലവിനും പേമെന്റ് വൗച്ചർ തയ്യാറാക്കിയിട്ടില്ല.

2.കണ്ടിജന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

കണ്ടിജന്റ് ഇനത്തിൽ വിവിധ ചെലവുകൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3. ഉപകരണങ്ങളും മറ്റും തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുണ്ടെങ്കിലും പലതും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഉദാഹരണം : തപാൽ സ്റ്റാമ്പ്, എൽ ഇ ഡി ബൾബ്.

4.തിരിച്ചു കിട്ടിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

എസ്.ഐ.ആർ.ഡി, ഐ.ആർ.ഡി.പി, പ്രേരകുമാർക്കുള്ള വേതനം എന്നീ ഇനങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടത്തിയ ചെലവുകൾ ബന്ധപ്പെട്ടവരിൽ നിന്നും റീക്കുപ് ചെയ്ത് തിരികെ ലഭ്യമാക്കേണ്ടതാണ്. ആയത് തിരികെ ലഭിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ ഒരു ഫുൾടൈം സ്വീപ്പറും ഒരു പാർട്ട് ടൈം സ്വീപ്പറും ജോലി ചെയ്യുന്നുണ്ടെങ്കിലും ഇടക്കിടക്ക് ശുചീകരണ ഇനത്തിൽ തുക ചെലവഴിക്കുന്നു.

[ഉദാ: 28.09.2016 ലെ നമ്പർ.55 വൗച്ചർ പ്രകാരം പിൻവലിച്ച് ചെലവഴിച്ച 2,100/- രൂപ., 16.07.2016 ലെ നമ്പർ.33 വൗച്ചർ പ്രകാരം പിൻവലിച്ച് ചെലവഴിച്ച 1,000/- രൂപ]

6. പ്രസിഡന്റിന്റെ വാഹനത്തിന്റെ ഡ്രൈവറായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നയാളുടെ ജോലി ചെയ്തത് സംബന്ധിച്ചുള്ള മസ്റ്റർ റോൾ സൂക്ഷിക്കുന്നില്ല.

7. വാഹന ചെലവുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്ന സമയത്ത് ഹാജരാക്കുന്ന ട്രിപ് ഷീറ്റിൽ വാഹനം യാത്ര ചെയ്ത ദൂരം കാണിക്കുന്നില്ല. [ഉദാ : വൗച്ചർ നം : 14/11.5.2016 - 42,569/- രൂപ.]

8. ടെലഫോൺ ചാർജിനത്തിലും വൈദ്യുതി ചാർജിനത്തിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് തുക കൈമാറുന്ന സമയത്ത് ഹാജരാക്കുന്ന രേഖകളോടൊപ്പം തുക ഒടുക്കിയ രശീതിന്റെ അസ്സലോ പകർപ്പോ ഹാജരാക്കുന്നില്ല.

[ഉദാ : ബിൽ നം : 71/16-17/17.11.2016 (എ.എക്സ്.ഇ ഓഫീസിലെ ടെലഫോൺ ബിൽ തുക - 1,093/- രൂപ )]

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## **3-11** <u>വാഹന ഉപയോഗം : ഉത്തരവുകൾ പാലിക്കുന്നില്ല</u>

ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ നിലവിൽ 2 വാഹനങ്ങളാണുള്ളത്. (പ്രസിഡന്റിന്റെ വാഹനം : കെ.എൽ-18-എച്ച് - 9009, ഓഫീസ് വാഹനം : കെ.എൽ.18.എച്ച്-5000). മേൽ വാഹനങ്ങളുടെ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

<u>1. റിപ്പയർ നടത്തുന്നതിലെ അപാകതകൾ</u>

ഓഫീസ് വാഹനങ്ങൾക്ക് അടിയന്തിരമായി റിപ്പയറോ അറ്റകുറ്റ പണികളോ ആവശ്യമാണെന്നു തോന്നുന്ന പക്ഷം ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട കസ്റ്റോഡിയൻ ഓഫീസർക്ക് നൽകേണ്ടതാണ്. സർക്കാർ ഉത്തരവ് (കൈ) 170/07/ത.സ്വ.ഭ.വ, 30.06.2007 പ്രകാരം പതിനായിരം രൂപക്ക് താഴെയുള്ള അറ്റകുറ്റപണികൾ സർക്കാർ അംഗീകാരമുള്ള വർക്ക് ഷോപ്പ് മുഖേന ഭരണസമിതിയുടെ അംഗീകാരത്തിനു വിധേയമായി ചെയ്യിക്കാവുന്നതാണ്. എന്നാൽ പതിനായിരം രൂപക്ക് മുകളിൽ ചെലവ് വരുന്ന വാഹന സംബന്ധിയായ എല്ലാ സംഗതികളും മൽസര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കായി മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. വാഹന റിപ്പയർ നടത്തിയ ശേഷം ഡ്രൈവർ നൽകുന്ന രേഖകൾ പരിഗണിച്ച് തുക അനുവദിക്കുകയാണ് ചെയ്യുന്നത്.

| വൗച്ചർ നമ്പറും തീയതിയും | വാഹന നമ്പർ | ചെലവ് തുക | റിപ്പയർ ചെയ്യുന്ന സ്ഥാപനം |
|---|---|---|---|
| 93/16-17, (05.01.2017) | കെ.എൽ-18 എച്ച്.9009 | 19,273/- രൂപ | ഇറാം മോട്ടോഴ്സ് |
| | കെ.എൽ-18 എച്ച്. 5000 | 16,701/- രൂപ | |

മേൽ വാഹന റിപ്പയറിംഗുകൾക്കായി പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറിൽ നിന്നും അനുമതി ലഭിച്ച എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റും ക്വട്ടേഷനുകൾ സംബന്ധിച്ച രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ലോഗ് ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിലെ വാഹനങ്ങളുടെ ലോഗ് ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

- ആറു മാസത്തിലൊരിക്കൽ നടത്തേണ്ട ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
- മാസാന്ത സംക്ഷിപ്തം രേഖപ്പെടുത്തുന്ന സമയത്ത് വാഹനത്തിലെ ഇന്ധനത്തിന്റെ അളവ് സംബന്ധിച്ചോ തൻമാസം എത്ര അളവ് ഇന്ധനം ഉപയോഗിച്ചു എന്നിങ്ങനെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നില്ല.
- തങ്ങിയ സമയം, ഏതാവശ്യത്തിനാണ് യാത്ര ചെയ്തത് തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല.

3. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

എ) സ.ഉ (കൈ) 170/07,തസ്വഭവ, 30.06.07 പ്രകാരം സൂക്ഷിക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

- ഇന്ധന ഓർഡർ ബുക്ക്
- റിപ്പയർ രജിസ്റ്റർ
- സ്റ്റോക്ക് രജിസ്റ്റർ
- ഫ്യുവൽ രജിസ്റ്റർ

ബി) ഇന്ധന ടാങ്കിൽ പൂർണമായും ഇന്ധനം നിറയ്ക്കുന്നില്ല.

സി) ഓരോ വാഹനത്തിന്റെ കസ്റ്റോഡിയനും വാഹന സംബന്ധിയായി എല്ലാ ഇനത്തിലുമുള്ള ചെലവ് സംബന്ധിച്ച് വൗച്ചർ സഹിതം ആറു മാസത്തിലൊരിക്കൽ മേലുദ്യോഗസ്ഥന് (24.02.2003 ലെ സ.ഉ (കൈ) നം.113/2003/ധന ഉത്തരവ്) റിപ്പോർട്ട് ചെയ്യണം. എന്നാൽ ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നില്ല.

ഡി) കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടെയോ സാന്നിധ്യത്തിലാണ് ഇന്ധനം നിറയ്ക്കേണ്ടത്. എന്നാൽ ഇന്ധനം നിറച്ചത് കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

വാഹന ഉപയോഗത്തിന്റെ കാര്യത്തിൽ സർക്കാർ മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് കോഴിക്കോട് | 21,09,357 | 16,30,000 | ഐ.എ.വൈ. വിഹിതം (എസ്.സി.പി) | 19,65,625 | 17,73,732 |
| | ------ | 49,56,520 | ഐ.എ.വൈ.വിഹിതം (ജനറൽ) | 38,80,325 | 10,76,195 |
| വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് | 41,625 | 3,60,000 | ഐ.എ.വൈ. വിഹിതം (എസ്.സി.പി) | 1,70,000 | 2,31,625 |
| | 5,97,625 | 1,20,000 | ഐ.എ.വൈ.വിഹിതം (ജനറൽ) | 5,68,000 | 1,49,625 |
| ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | 3,50,250 | 1,25,000 | ഐ.എ.വൈ. വിഹിതം (എസ്.സി.പി) | 2,01,125 | 2,74,125 |
| | 9,00,000 | 2,60,000 | ഐ.എ.വൈ.വിഹിതം (ജനറൽ) | 7,44,000 | 4,16,000 |
| മണിയൂർ ഗ്രാമപഞ്ചായത്ത് | 12,63,716 | ---- | ഐ.എ.വൈ. വിഹിതം (എസ്.സി.പി) | 7,33,375 | 5,30,341 |
| | 4,85,250 | 10,60,000 | ഐ.എ.വൈ.വിഹിതം (ജനറൽ) | 11,62,500 | 3,82,750 |
| തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് | 3,54,700 | 4,00,000 | ഐ.എ.വൈ. വിഹിതം (എസ്.സി.പി) | 5,39,750 | 2,14,950 |
| | 9,60,225 | 3,80,000 | ഐ.എ.വൈ.വിഹിതം (ജനറൽ) | 9,32,000 | 4,08,225 |

## **4-2** നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പദ്ധതി പേര് നം | മുൻകൂർ നൽകിയ തുക | വൌച്ചർ/ബിൽ നം, തീയ്യതി | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ) കോഴിക്കോട് | സി.എച്ച്.സി.യിലേക്ക് ജനറേറ്റർ വാങ്ങൽ, 25/16-17 | 6,03,000 | 21600464, 13.03.2017 | ---- | 6,03,000 |
| | ബ്ലോക്ക് ഓഫീസ് കെട്ടിടം റീവയറിംഗ്, 12/16-17 | 5,30,564 | 9/16-17, 24.03.2017 | ---- | 5,30,564 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-1 | 2005-06 | പൊതുപരാമർശം | സാങ്കേതിക നിർദ്ദേശം പാലിക്കുന്നില്ല. മരാമത്ത് പ്രവർത്തികളിൽ ലക്ഷങ്ങളുടെ നഷ്ടം | നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ്. |
| 2002-03 | 12,13 | 2005-06 | പൊതുപരാമർശം | ഭവന നിർമ്മാണം ധനസഹായം കൈപറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കുന്നില്ല | നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,15,43,473 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,21,43,199 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ------- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --------- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2587028 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 599115 | ശ്രീ.മാധവൻ.എം., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | 5,30,564 | ശ്രീ.ഉദയൻ.കെ.യു.,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-3- | 6,03,000 | ശ്രീ.പി.ശശീന്ദ്രൻ, സെക്രട്ടറി |
| 3-5 | 6,75,000 | ശ്രീ.പ്രവീണ്.ജി, ക്ഷീരവികസന ഓഫീസർ |
| 3-8 | 1,24,000 | ശ്രീമതി.തസ് ലീന, എൻ.പി, സി.ഡി.പി.ഒ |
| | 22,010 | ശ്രീ.അനൂപ് ഷിനു.കെ, വ്യവസായ വികസന ഓഫീസർ |
| 3-9 | 2,498 | ശ്രീ.എ.പി.രമേശൻ, ജോയിന്റ്.ബി.ഡി.ഒ |
| | 30,841 | ശ്രീ.പി.ശശീന്ദ്രൻ, സെക്രട്ടറി |
| | 2587028 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മാധവൻ.എം,<br>അസി.എക്സി.എഞ്ചിനീയർ | റിട്ടയർഡ് | സൌപർണ്ണിക,<br>നടുവണ്ണൂർ (പി.ഒ)<br>കോഴിക്കോട് |

| | | |
|---|---|---|
| ശ്രീമതി. ജലജാമണി.വി.ഡി<br>എക്സിക്യൂട്ടിവ് എഞ്ചിനീയർ | എക്സിക്യൂട്ടിവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. എറണാകുളം | സൗപർണ്ണിക (വീട്), എച്ച്.എം.ടി.കോളനി, കളമശ്ശേരി, എറണാകുളം |
| ശ്രീ.ഉദയൻ.കെ.യു. അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ<br>തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ശരണ്യ, തിരുവങ്ങാട്ട് തടം<br>ചേലേമ്പ്ര, മലപ്പുറം |
| ശ്രീ.പി.ശശീന്ദ്രൻ,<br>സെക്രട്ടറി | സെക്രട്ടറി<br>തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | കിഴക്കേതെരുവിൻ പറമ്പിൽ (ഹ) മുചുകുന്ന് (പി.ഒ)<br>കൊയിലാണ്ടി (വഴി) കോഴിക്കോട് |
| ശ്രീ.പ്രവീണ്.ജി, ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ<br>തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | കൊച്ചാവശ്ശേരിയിൽ പനമ്പള്ളി (പി.ഒ) ചേർത്തല, ആലപ്പുഴ |
| ശ്രീമതി.തസ് ലീന, എൻ.പി, സി.ഡി.പി.ഒ | സി.ഡി.പി.ഒ.<br>തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | കുരുന്നങ്ങൽ, കപ്പുറം, വട്ടോളിബസാർ, ബാലുശ്ശേരി<br>കോഴിക്കോട് |
| ശ്രീ.അനൂപ് ഷിനു.കെ, വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ<br>തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | അനുഗ്രഹം (ഹ) നടയ്ക്കുതാഴെ (പി.ഒ) വടകര, കോഴിക്കോട് |
| ശ്രീ.എ.പി.രമേശൻ, ജോയിന്റ്.ബി.ഡി.ഒ | ജോയിന്റ്.ബി.ഡി.ഒ, കുത്തുപറമ്പ് | വിസ്മയം, കോട്ടം, മുണ്ടല്ലൂർ(പി.ഒ), കണ്ണൂർ ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 1996-97<br>1997-98 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(1), 14-02-2012 | 5 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(2). 14.02.2012 | 3 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(11), 28.03.2012 | 7 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(3), 14.02.2012 | 11 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(4), 14.02.2012 | 3 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(5), 14.02.2012 | 7 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(6), 14.02.2012 | 1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(7), 14.02.2012 | 2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(8), 14.02.2012 | 2 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(9), 14.02.2012 | 5 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(10), 14.02.2012 | 9 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.7-741/12, 06.07.2012 | 15 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.7- 282/13, 07.03.2013 | 15 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.13/684/13, 09.05.2014 | 7 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി.7/1240/15, 07.09.15 | 9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.7/416/17, 17.03.2017 | 12 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ/കെ.കെ.ഡി/പി7/1890/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

തീയതി:03.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016 –17ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ 2016-17ലെ വാർഷിക ധനകാര്യ പത്രിക തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No.KSA/KKD-P7/1890/2017

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date:03.11.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thodannur Block Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thodannur Block Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

JOINT DIRECTOR
District Audit Office, Kozhikode.